# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1134

10/08/2017-ന് മറുപടിയ്ക്ക്

## 'കരുത്ത് ' പദ്ധതി

ചോദ്യം:
ശ്രീ.മുല്ലക്കര രത്നാകരൻ

മറുപടി
പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള കരുത്ത് എന്ന പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ; ഈ പദ്ധതി എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

കേരളത്തിലെ ഹയർ സെക്കൻഡറി വിദ്യാലയങ്ങളിലെ പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ ഉന്നമനത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'കരുത്ത്'. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ് കരിയർ ഗൈഡൻസ് അഡോളസന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

പൊതു സമൂഹത്തിൽ പെൺകുട്ടികൾ നേരിടുന്ന അതിക്രമങ്ങളെ തടയുന്നതിനായും, അത്തരത്തിലുള്ള അവസ്ഥകൾ സധൈര്യം നേരിടുന്നതിനും, സ്വയം പ്രതിരോധം അത്യന്താപേക്ഷിതമാണ്. ഈ പദ്ധതിയുടെ ഭാഗമായി ഹയർ സെക്കൻഡറി വിദ്യാർത്ഥിനികൾക്ക് സ്വയം പ്രതിരോധത്തിനായി ആയോധന കലകൾ പഠിപ്പിക്കുന്നു. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ മുപ്പത്തിയഞ്ചോളം പെൺകുട്ടികൾക്ക് ആയോധനകലകളിൽ പരിശീലനം നൽകിവരുന്നു. സംസ്ഥാനത്തെ 100 ഹയർ

സെക്കൻഡറി സ്കൂളുകളിൽ ആണ് പദ്ധതി നടപ്പിലാക്കിവരുന്നത്. നാൽപത് ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയിൽ ഓരോ ദിവസവും ഒന്നര മണിക്കൂർ വീതം വിദ്യാർത്ഥിനികൾക്ക് ക്ലാസ്സ് നൽകുന്നു. ഇതിനാവശ്യമായ യൂണിഫോമുകളും മറ്റു സജ്ജീകരണങ്ങളും നൽകുന്നതിനായി സർക്കാരിൽ നിന്ന് വിദ്യാലയങ്ങൾക്ക് തുക അനുവദിച്ചുവരുന്നു. പരിശീലനം ലഭിച്ചവർക്ക് മഞ്ഞ/പച്ച ബാഡ്ജുകൾ ലഭിക്കുന്നു.

നോഡൽ ഓഫീസർ